പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

*നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2929* *10.05.2017 ലെ മറുപടിക്ക്.*

## പ്രവാസി കമ്മീഷന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി

ചോദ്യം

ശ്രീ. പാറക്കൽ അബ്ദുല്ല

(എ) പ്രവാസി കമ്മീഷൻ സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ച് ഒരു വർഷമായിട്ടും ഓഫീസ്, വാഹനം, സ്റ്റാഫ് ഉടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ കമ്മീഷന് ഇനിയും അനുവദിക്കാത്ത കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയായ ചെയർമാന്റെ വീട്ടിലാണ് പലപ്പോഴും കമ്മീഷൻ യോഗങ്ങൾ ചേരുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിമിത്തം, ലഭിച്ച അപേക്ഷകളിൽ കമ്മീഷന് നടപടി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യം വിലയിരുത്തിയി ട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രവാസി കമ്മീഷന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാ ക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശം നൽകുമോ ?

ഉത്തരം

ശ്രീ. പിണറായി വിജയൻ
***(മുഖ്യമന്ത്രി)***

(എ) യും (ബി) യും (സി) യും (ഡി) യും പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷന്റെ സുഗമമായ പ്രവർത്തന ത്തിന് തിരുവനന്തപുരത്ത് നോർക്ക റൂട്ട്സ് പ്രവർത്തിക്കുന്ന നോർക്ക സെന്ററിൽ ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെമ്പർമാർ എന്നിവർ ക്കുള്ള ഓഫീസ് മുറികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും തയ്യാറാ-ക്കിയിട്ടുണ്ട്. കൂടാതെ എറണാകുളത്ത് ഒരു ഫയലിംഗ് സ്റ്റേഷൻ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കമ്മീഷനിൽ പുതുതായി നിയമിപ്പെടുന്ന ഓഫീസർ മാർക്കും മറ്റ് ജീവനക്കാർക്കും പ്രവർത്തിക്കാനുള്ള ഓഫീസ് സൗകര്യവും മറ്റും തയ്യാറാക്കുന്ന തിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. കമ്മീഷൻ ചെയർമാന്റെ ആവശ്യത്തി നായി ഒരു ഇന്നോവ കാർ വാടക അടിസ്ഥാനത്തിൽ നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമെ ഒരു പുതിയ ഇന്നോവ കാർ വാങ്ങുന്നതിന് സർക്കാർ ഭരണാ നുമതി നൽകിയിട്ടുണ്ട്. ഒരു സർക്കാർ ജോയിന്റ് സെക്രട്ടറിയെ കമ്മീഷന്റെ മെമ്പർ സെക്രട്ടറിയുടെ പൂർണ്ണ ചുമതല നൽകി നിയമിച്ചിട്ടുണ്ട്. കമ്മീഷൻ ചെയർപേഴ്സണ് ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. എറണാകുളം സർട്ടിഫിക്കറ്റ് ആതന്റിക്കേഷൻ ഓഫീസിൽ ഡെപ്യൂട്ടേഷൻ

വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഒരു അസിസ്റ്റന്റിന്റെ സേവനം കമ്മീഷന്റെ ജോലികൾ ചെയ്യുന്നതിന് ലഭ്യമാക്കിയിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി (1), അസിസ്റ്റന്റ് (1), കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (1), ഡ്രൈവർ (1) ഓഫീസ് അറ്റൻഡന്റ് (1) എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിനോടകം കമ്മീഷന് 17 പരാതികൾ ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരികയാണ്.

Shijil

സെക്ഷൻ ഓഫീസർ.